### എൻഡോസൾഫാൻ

# പുനരധിവാസ സെൽ പ്രവർത്തനം തുടങ്ങി

കാസർകോട്: എൻഡോസൾഫാൻ പ്രയോഗം മൂലം യാതന അനുഭവിക്കുന്നവർക്ക് ആശ്വാസമേകാൻ രൂപവത്കരിച്ച സെൽ പ്രവർത്തനം തുടങ്ങി. ജില്ലാ പഞ്ചായത്ത് കാര്യാലയത്തിലാണ് സെൽ പ്രവർത്തിക്കുന്നത്. ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ എം മാധവൻ നമ്പ്യാർക്കാണ് സെല്ലിന്റെ ചുമതല. ചികിത്സക്കായി തിരഞ്ഞെടുക്കുന്ന രോഗികളുടെ ലിസ്റ്റ് മുൻഗണനാ നിശ്ചയിച്ച് ഈമാസം 28നകം പഞ്ചായത്തുകൾ സെല്ലിൽ എത്തിക്കാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം വി ബാലകൃഷ്ണന്റെ അധ്യക്ഷതയിൽ കൂടിയ ബന്ധപ്പെട്ടവരുടെ യോഗം തീരുമാനിച്ചു. മാർച്ച് പത്തോടെ ചികിത്സാ പദ്ധതി തുടങ്ങാൻ കഴിയുമെന്ന് യോഗത്തിൽ അറിയിച്ചു. എൻഡോസൾഫാൻ മേഖലയിൽ ആരോഗ്യ വകുപ്പ് നടത്തിയ ക്യാമ്പുകളിൽ 1200 ഓളം രോഗികളെ കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച എൻഡോസൾഫാൻ പാക്കേജിൽ അമ്പതു ലക്ഷം രൂപ ഉടൻ ലഭിക്കുമെന്ന് പ്രസിഡന്റ് അറിയിച്ചു. ഇതിൽ 37,50,000 രൂപ ചികിത്സക്കായി വിനിയോഗിക്കും. 10 ലക്ഷം രൂപ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും രണ്ടര ലക്ഷം രൂപ പൊതു സംഘാടനത്തിനുമാണ് വിനിയോഗിക്കുക.

എം.എൽ.എമാരായ കെ. വി കുഞ്ഞിരാമന്, സി എച്ച് കുഞ്ഞമ്പു, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മുഹമ്മദ് മുബാറക് ഹാജി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ വി പി പി മുസ്തഫ, വി നാരായണൻ, സെക്രട്ടറി ടി വി രാഘവൻ, വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, ഡോ. വൈ എസ് മോഹൻകുമാർ, നാരായണൻ പേരിയ, ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. പി വി അബ്ദുല്ല പരിസ്ഥിതി പ്രവർത്തകർ, ജില്ലാതല ഉദ്യോഗസ്ഥർ സംബന്ധിച്ചു.